F

# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1415 — 18.01.2021 -ൽ മറുപടിയ്ക്ക്

### മാവേലിക്കര മണ്ഡലത്തിൽ റവന്യൂ വകുപ്പ് പദ്ധതികൾ

**ചോദ്യം**

ശ്രീ. ആർ.രാജേഷ് :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ;

(ബി) താലൂക്ക്, വില്ലേജ് ആഫീസുകൾക്ക് അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**ഉത്തരം**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി)

(എ) യും (ബി) യും (സി) യും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെയും താലൂക്ക്, വില്ലേജ് ഓഫീസുകൾക്ക് അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത പദ്ധതികളിൽ ക്രമ നമ്പർ 1 മുതൽ 9 വരെയുള്ള നിർമ്മാണ പ്രവർത്തികൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന പൂർത്തീകരിച്ചതും ക്രമ നമ്പർ 10, 11 പ്രവർത്തികൾ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ക്രമ നമ്പർ 12,13 പ്രവർത്തികൾ നടപ്പിലാക്കുന്നതിന് യഥാക്രമം പൊതുമരാമത്ത് വകുപ്പ്, സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം എന്നിവയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. മേൽ സൂചിപ്പിച്ച പദ്ധതികൾ കൂടാതെ വെട്ടിയൂർ, പാലമേൽ വില്ലേജ് ഓഫീസുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി മുഖേന പുനർനിർമ്മിക്കുന്നതിന് തിരഞ്ഞെടുത്തിട്ടുള്ളതും, ആയതിന്റെ ഭരണാനുമതി ലഭിക്കുന്നതിനായി DPR സമർപ്പിച്ചിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | പദ്ധതിയുടെ പേര് | ഓഫീസിന്റെ പേര് | പ്രവർത്തിയുടെ ഇനം | അനുവദിച്ച തുക (Rs) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | പ്ലാൻ സ്കീം 2017-18 | വള്ളികുന്നം വില്ലേജ് ഓഫീസ് | സ്മാർട്ട് വില്ലേജ് ഓഫീസ് | 40,00,000/- | പണി പൂർത്തീകരിച്ചു |
| 2. | പ്ലാൻ സ്കീം 2017-18 | നൂറനാട് വില്ലേജ് ഓഫീസ് | കുടിവെള്ള സൗകര്യം | 50,000/- | പണി പൂർത്തീകരിച്ചു |
| 3. | പ്ലാൻ സ്കീം 2017-18 | താമരക്കുളം വില്ലേജ് ഓഫീസ് | കുടിവെള്ള സൗകര്യം | 50,000/- | പണി പൂർത്തീകരിച്ചു |
| 4. | പ്ലാൻ സ്കീം 2017-18 | തെക്കേക്കര വില്ലേജ് ഓഫീസ് | കുടിവെള്ള സൗകര്യം | 50,000/- | പണി പൂർത്തീകരിച്ചു |
| 5. | പ്ലാൻ സ്കീം 2017-18 | തഴക്കരവില്ലേജ് ഓഫീസ് | കുടിവെള്ള സൗകര്യം | 50,000/- | പണി പൂർത്തീകരിച്ചു |
| 6. | പ്ലാൻ സ്കീം 2017-18 | വെട്ടിയാർ വില്ലേജ് ഓഫീസ് | കുടിവെള്ള സൗകര്യം | 50,000/- | പണി പൂർത്തീകരിച്ചു |
| 7. | പ്ലാൻ സ്കീം 2017-18 | പാലമേൽ വില്ലേജ് ഓഫീസ് | കുടിവെള്ള സൗകര്യം | 50,000/- | പണി പൂർത്തീകരിച്ചു |
| 8. | പ്ലാൻ സ്കീം 2017-18 | താമരക്കുളം വില്ലേജ് ഓഫീസ് | അഡീഷണൽ റൂം | 9,70,000/- | പണി പൂർത്തീകരിച്ചു |
| 9. | പ്ലാൻ സ്കീം 2017-18 | നൂറനാട് വില്ലേജ് ഓഫീസ് | അഡീഷണൽ റൂം | 9,70,000/- | പണി പൂർത്തീകരിച്ചു |
| 10 | പ്ലാൻ സ്കീം 2017-18 | തഴക്കര വില്ലേജ് ഓഫീസ് | അറ്റകുറ്റപ്പണി | 5,00,000/- | പണി പൂർത്തീകരിച്ചു |
| 11. | പ്ലാൻ സ്കീം 2017-18 | തെക്കേക്കര വില്ലേജ് ഓഫീസ് | ചുറ്റുമതിൽ | 5,00,000/- | പണി പൂർത്തീകരിച്ചു |
| 12 | റീബിൽഡ് കേരള ഇനീഷ്യേറ്റീവ് | മാവേലിക്കര താലൂക്ക് ഓഫീസ് | പുനർനിർമ്മാണം | 52,00,0000 | ഭരണാനുമതി ആയിട്ടുണ്ട്. നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 13 | റീബിൽഡ് കേരള ഇനീഷ്യേറ്റീവ് | തെക്കേക്കര വില്ലേജ് ഓഫീസ് | പുനർ നിർമ്മാണം | 44,00,000/- | ഭരണാനുമതി ആയിട്ടുണ്ട്. നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

S.O Rev (P)